നേതൃത്വത്തിൽ 25 വൈദിക വിദ്യാർത്ഥികളും ഉല്ലാസയാത്രയ്ക്ക് പോവുകയായിരുന്നു. ഉല്ലാസയാത്രയിൽപ്പെട്ട 8 പേർ വൈദികന്റെ നേതൃത്വത്തിൽ വഞ്ചിയിൽ പോകുകയും ബാക്കിയുള്ളവർ ബണ്ടിൽക്കൂടിയുമാണ് പോയത്. കെ. എൽ. യേശുദാസൻ (18), ഒ. എഫ്. യേശുദാസ് (17) എൽ. എൽ. ആൻറണി (17), സി. സി. ജോയ് (17), T. V. ആന്റോ (18), ഇ. കെ. ജോയ് (17), പി. വി. സണ്ണി (18) എന്നീ കുട്ടികളാണ് അപകടത്തിൽപ്പെട്ടത്. മനോഹരൻ എന്ന വള്ളത്തൊഴിലാളിയാണ് വള്ളം തുഴഞ്ഞിരുന്നത്. മനോഹരനും ഇ. കെ. ജോയിയും പി. വി. സണ്ണിയും നീന്തി രക്ഷപ്പെടുകയുണ്ടായി. ബാക്കിയുള്ളവർ മരണപ്പെട്ടു. ഈ പ്രീഡിഗ്രി വിദ്യാർത്ഥികളും ദൗർഭാഗ്യകരമായ സാഹചര്യത്തിൽ മരിച്ചതിൽ ഗവൺമെന്റിനു് അഗാധമായ ഖേദമുണ്ട്. ഡിസ്ട്രിക്ട് കളക്ടറും എസ്. പി. യും ഫയർഫോഴ്സും ഉടൻതന്നെ സംഭവസ്ഥലത്തു എത്തുകയും അടിയന്തിര നടപടികളും സ്വീകരിക്കുകയും ചെയ്തു. ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് മരിച്ച കുട്ടികളുടെ കുടുംബത്തിന് രണ്ടായിരം രൂപ വീതം കളക്ടറുടെ ഫണ്ടിൽ നിന്നും അടിയന്തിരസഹായം എത്തിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഏതു രീതിയിൽ അവരെ സഹായിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇതിനുമുമ്പ് ഇത്തരത്തിലുള്ള അപകടങ്ങളും അവിടെ സംഭവിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടകരമായ സാഹചര്യം ഒഴിവാക്കുന്നതിന് പാലവും റോഡുമാണ് ആവശ്യമെങ്കിൽ ഗവൺമെന്റ് തീർച്ചയായും അക്കാര്യത്തെക്കുറിച്ച് പരിശോധിച്ച് വ്യക്തമായ തീരുമാനം എടുക്കുന്നതാണ്.

V. മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, മുഖ്യമന്ത്രിക്കു വേണ്ടി താഴെപ്പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 ആഗസ്റ്റ് 1-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 251/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1448/86).

(2) 1986 ആഗസ്റ്റ് 1-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 252/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1342/86).

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, താഴെപ്പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 സെപ്റ്റംബർ 29-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 249/86/ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1498/86).

(2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ക്ലിപ്തത്തിന്റെ 1984-85 വർഷത്തേക്കുള്ള മുപ്പത്തിയെട്ടാമത് വാർഷിക റിപ്പോർട്ട്, റിവ്യൂ സഹിതം

(3) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1982-83-ലേക്കുള്ള പതിനാലാമത് വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, താഴെ പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) കേരള സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1984-ലേക്കുള്ള പത്താമത് വാർഷിക റിപ്പോർട്ട്.

(2) കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള മൂന്നാമത് വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ 1985-ലെ ഭരണ റിപ്പോർട്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ 1984-85-ലേക്കുള്ള വാർഷിക റിപ്പോർട്ടും, റിപ്പോർട്ടിന്റെ മലയാളത്തിലുള്ള സംക്ഷിപ്തവും സഹിതം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1985 ഡിസംബർ 28-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 64/85/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 1771/85).

(2) 1986 ജൂൺ 19-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 29/86/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 963/86).

VI നിയമ നിർമ്മാണകാര്യം

1. 1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി എം. ജേക്കബ്) : സർ, 1986-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, 1986-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച് ആറാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇത് വലിയ ചർച്ചകൾ ആവശ്യമുള്ള ഒരു ഭേദഗതിയല്ല. കാരണം, കേരള, കാലിക്കട്ട് യൂണിവേഴ്സിറ്റി നിയമങ്ങളിൽ പ്രൊ-വൈസ് ചാൻസലറുടെ നിയമനം വരുമ്പോൾ അതിനെ സംബന്ധിച്ച് വൈസ് ചാൻസലറുമായി ചാൻസലർ കൺസൾട്ട് ചെയ്യണമെന്നൊരു വ്യവസ്ഥയുണ്ടായിരുന്നു. ആ വ്യവസ്ഥ എടുത്തുകളഞ്ഞുകൊണ്ടുള്ള ഒരു ഓർഡിനൻസാണിത്. ഇങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവരാനുണ്ടായ സാഹചര്യം നേരത്തെ ഒരു സന്ദർഭത്തിൽ പറയുകയുണ്ടായി. ഭരണഘടനയുടെ 361-ാം അനുച്ഛേദമനുസരിച്ച്, ഗവർണ്ണറെ കോടതിയിൽ പ്രോസിക്യൂട്ട് ചെയ്യാൻ പാടില്ലെന്നാണ്. പക്ഷേ ഈ യൂണിവേഴ്സിറ്റി നിയമത്തിലെ ഒരു പ്രൊവിഷനനുസരിച്ച് പ്രൊ. വൈസ് ചാൻസലറെ നിയമിക്കുമ്പോൾ വൈസ് ചാൻസലറുമായി ചാൻസലർ കൺസർട്ട് ചെയ്യണമെന്ന് ഒരു വ്യവസ്ഥ നിലവിൽ വന്നതുകൊണ്ട് കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ പ്രൊ-വൈസ് ചാൻസലറുടെ നിയമനത്തെ സംബന്ധിച്ച് ഒരു ഒ. പി. ഹൈക്കോടതിയിൽ വരികയുണ്ടായി. ഈ സന്ദർഭത്തിൽ അഡ്വക്കേറ്റ് ജനറൽ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനുപരിയായി

LIBRARY ARCHIVES Kerala Legislative Assembly